പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3741 — 30.01.2014 -ൽ മറുപടിക്ക്

ശബരിമല തീർത്ഥാടനത്തിനായി ഏർപ്പെടുത്തിയ ബസുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. കെ. അജിത് : | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി) |
| (എ) | ഈ വർഷത്തെ ശബരിമല തീർത്ഥാടനത്തിനായി കെ.എസ്.ആർ.ടി.സി എത്ര പുതിയ ബസുകളാണ് ഏർപ്പെടുത്തിയതെന്നും, ഏതെല്ലാം സ്റ്റേഷനുകളിൽ നിന്നാണ് സർവ്വീസ് നടത്തിയിരുന്നതെന്നും വ്യക്തമാക്കാമോ ; | (എ) | ഈ വർഷത്തെ ശബരിമല തീർത്ഥാടനത്തിനായി 106 പുതിയ ബസുകൾ പ്രത്യേക സർവീസ് നടത്തുന്നതിനായി ഏർപ്പെടുത്തിയിട്ടുണ്ടായിരുന്നു.<br>പമ്പ ഡിപ്പോയ്ക്ക് - 20,<br>തിരുവനന്തപുരം സെൻട്രൽ - 19,<br>പത്തനംതിട്ട - 13,<br>എറണാകുളം - 11,<br>കോട്ടയം - 10,<br>ചെങ്ങന്നൂർ - 8,<br>കുമിളി - 5,<br>കൊട്ടാരക്കര - 4,<br>പുനലൂർ - 3,<br>ആര്യങ്കാവ്, ആറ്റിങ്ങൽ, പാലക്കാട്, എരുമേലി, കായംകുളം എന്നീ ഡിപ്പോകൾക്ക് രണ്ടു വീതവും കോതമംഗലം, പെരുമ്പാവൂർ, തിരുവല്ല എന്നീ ഡിപ്പോകൾക്ക് ഓരോന്നും വീതമാണ് നല്കിയിട്ടുള്ളത്. |
| (ബി) | ഈ വർഷം ഏർപ്പെടുത്തിയ ബസുകളുടെ എണ്ണത്തിൽ മുൻ വർഷത്തിൽ നിന്നും വർദ്ധനവ് ഉണ്ടായിട്ടുണ്ടോ ; | (ബി) | ഇല്ല. മുൻ വർഷത്തിൽ ഏർപ്പെടുത്തിയ ബസുകൾക്ക് തുല്യമായ ബസുകളാണ് ഈ വർഷവും ഏർപ്പെടുത്തിയത്. |

| | | | |
|---|---|---|---|
| (സി) | ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട് മുൻ വർഷത്തിൽ നിന്നും കൂടുതലായി കോർപ്പറേഷന് വരുമാന വർദ്ധനവ് ഉണ്ടായിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്ര രൂപയുടേതെന്ന് വ്യക്തമാക്കുമോ ; | (സി) | വരുമാന വർദ്ധനവ് ഉണ്ടായിട്ടില്ല. മണ്ഡലകാലത്തെ വരുമാനം കഴിഞ്ഞ വർഷത്തെ മണ്ഡലകാലത്തെ വരുമാനവുമായി താരതമ്യം ചെയ്യുമ്പോൾ കുറവ് ഉണ്ടായതായി കാണുന്നു. |
| (ഡി) | ശബരിമല തീർത്ഥാടന ബസുകളിലെ ജീവനക്കാരെ തിരഞ്ഞെടുക്കുന്നതിൽ എന്തെങ്കിലും മാനദണ്ഡം ഏർപ്പെടുത്തിയിട്ടുണ്ടോയെന്നറിയിക്കുമോ ? | (ഡി) | ശബരിമല പ്രത്യേക സർവ്വീസുകളിലെ ജീവനക്കാരെ തെരഞ്ഞെടുക്കുമ്പോൾ അപകടരഹിതമായും മികച്ച നിലവാരത്തിലും വാഹനം ഓടിക്കുന്ന ഡ്രൈവർമാർക്കും യാത്രക്കാരോടുള്ള പെരുമാറ്റത്തിൽ മികച്ച നിലവാരം പുലർത്തുന്ന കണ്ടക്ടർമാർക്കും മുൻഗണന നൽകാറുണ്ട്. |

സെക്ഷൻ ഓഫീസർ